**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 234** **07-10-2025 - ൽ മറുപടിയ്ക്ക്**

**കാർഷിക വനവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. യു. ആർ. പ്രദീപ്,<br>ശ്രീ. ഐ. ബി. സതീഷ്,<br>ശ്രീ കെ യു ജനീഷ് കുമാർ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കാർഷിക വനവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കൃഷി ഭൂമിയിലെ മരങ്ങൾ വെട്ടാനും വിൽക്കുവാനുമുള്ള അനുമതി ഓൺലൈൻ വഴി ലഭ്യമാക്കി തുടങ്ങിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | 2005-ലെ കേരള വൃക്ഷം വളർത്തൽ പ്രോത്സാഹന ആക്ടും ആയതിന്റെ ഭേദഗതികളും അനുബന്ധ ചട്ടങ്ങളും പ്രകാരം, വനേതര ഭൂമിയിൽ വിജ്ഞാപനം ചെയ്ത പ്രദേശങ്ങൾക്കും, അല്ലാത്ത പ്രദേശങ്ങളിലും ടി നിയമങ്ങളിലും ചട്ടങ്ങളിലും നിർദ്ദേശിച്ചിട്ടുള്ള തരത്തിൽ മരങ്ങൾ മുറിക്കുന്നതിനും കടത്തി കൊണ്ട് പോകുന്നതിനുമുള്ള അനുമതി (പാസ്സ് ഡിക്ലറേഷന്റെ അടിസ്ഥാനത്തിൽ) നൽകുന്നതിനായി TIMBER എന്ന പേരിൽ ഓൺലൈൻ സോഫ്റ്റ് വെയർ തയ്യാറാക്കിയിട്ടുണ്ട്. ഇത് പൊതുജനങ്ങൾക്ക് ഉപയോഗയോഗ്യമാക്കുന്നതിനും ഫീൽഡ് തലത്തിൽ ഉപയോഗിച്ച് തുടങ്ങുവാനും വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | അതിനായി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം മാതൃകാ ചട്ടം പുറത്തിറക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ചട്ടം അനുസരിച്ച് നിയന്ത്രണാധികാരം ആർക്കാണുള്ളതെന്ന് വിശദമാക്കാമോ; | (ബി) | ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാർ ഒരു മാതൃകാ ചട്ടം തയ്യാറാക്കി എല്ലാ സംസ്ഥാന സർക്കാരുകൾക്കും അയച്ചു നൽകിയിട്ടുണ്ട്. സംസ്ഥാന തലത്തിൽ നിയന്ത്രണാധികാരം സ്റ്റേറ്റ് ലെവൽ കമ്മിറ്റികൾക്കാണെന്ന് മാതൃകാചട്ടത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. 2016-ലെ മരാധിഷ്ഠിത വ്യവസായ സ്ഥാപനങ്ങളുടെ നടത്തിപ്പും കൈകാര്യം കർതൃത്വവും ചട്ടങ്ങൾ പ്രകാരം രൂപീകരിച്ച കമ്മിറ്റി തന്നെ ഈ ആവശ്യത്തിനായി ഉപയോഗിക്കാമെന്ന് മാതൃകാചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്നു. ഈ കമ്മിറ്റിയിലെ അംഗങ്ങൾക്ക് പുറമെ റവന്യൂ, കൃഷി വകുപ്പുകളിലെ പ്രതിനിധികളെയും കമ്മിറ്റിയിൽ ഉൾപ്പെടുത്താൻ വ്യവസ്ഥയുണ്ട്. |
| (സി) | മരം മുറിക്കാനുള്ള അപേക്ഷകൾ പരിശോധിക്കുവാനും അനുമതി നൽകുവാനും ഏതൊക്കെ വകുപ്പുകളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | മാതൃകാചട്ടപ്രകാരം മരം മുറിക്കാനുള്ള അപേക്ഷകൾ പരിശോധിക്കുവാനും അനുമതി നൽകുവാനും വനംവകുപ്പിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | നിലവിലുള്ള ചട്ടപ്രകാരം റവന്യൂ, കൃഷി വകുപ്പുകളുടെ സഹായവും ഇക്കാര്യത്തിൽ തേടാറുണ്ട്. |

സെക്ഷൻ ഓഫീസർ